25025103

**QP CODE: 25025103**

**Reg No** : ....................

**Name** : ....................

## MA DEGREE ( CSS) EXAMINATION, MAY 2025

**Second Semester**

M A MALAYALAM

**CORE - ML010201 - AADHUNIKA MALAYALA KAVITHA - ONNAAM GHATTAM**

2019 ADMISSION ONWARDS

F5BE3822

Time: 3 Hours — Weightage: 30

**I. എട്ടു ചോദ്യത്തിന് ഓരോ പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

1. " പലവട്ടമിതിൻവണ്ണം -തല ചുട്ടവനോർക്കയാൽ
   അലയിൽപ്പന്തുപോലപ്പോൾ - ചലനംതേടിമാനസം" -ആദത്തിനെ വലച്ചചിന്തകൾ
   എന്തെല്ലാം?വിശദമാക്കുക
2. "വല്ലായ്മ പോക്കുക, ശാസ്ത്രീയമാം ജാതി
   ചൊല്ലാം മനുഷ്യത്വം യോഗപ്പെണ്ണേ "- ഈ വരികളിലെ ദർശനത്തിന് കവി
   ആരോടെങ്കിലും കടപ്പെട്ടിട്ടുണ്ടോ? നിങ്ങളുടെ കാഴ്ചപ്പാട് വ്യക്തമാക്കുക.
3. "ചരിതാർത്ഥതയാർന്ന ദേഹിയിൽ
   തിരികെ ശ്ശോഭനമല്ല ജീവിതം
   പിരിയേണ മരങ്ങിൽ നിന്നു ട ൻ
   ശരിയായി ക്കളിതീർന്നനട്ടുവൻ " ഇങ്ങനെ ചിന്തിക്കാനുള്ള കാരണമെന്ത്
4. "ഭക്തിയുമതിലേറെ സ്നേഹവുമുൾക്കൊണ്ടാത്മ-
   വൃത്താന്തമറിയിച്ചാല്യഷിയെസദ്വൃത്തയാൾ" - വൃത്താന്തം എന്തായിരുന്നു
5. ലിറിസിസം- കുറിപ്പെഴുതുക
6. "നിത്യഗായക! പഠിപ്പിക്കുകെൻ ഹൃൽ സ്പന്ദത്തെ
   സത്യജീവിതാഖണ്ഡഗീതത്തിൻ താളക്രമം" - സന്ദർഭമെഴുതി വിശദമാക്കുക
7. സൗന്ദര്യ ദേവത പ്രകൃതിയുടെ ഉപാസനയാകുന്ന കവിതയാണ് വിലയിരുത്തുക
8. പ്രതികവിതയുടെ പ്രത്യേകതകൾ എന്തെല്ലാം?
9. " അല്ലെങ്കി, ലൊന്നാണല്ലോ മരവുംഞാനും " - ആശയം വ്യക്തമാക്കുക
10. "ഇല്ല വിശേഷം ചിത്തഭ്രമമാ-
    ണി യ്യിടെ നമ്മൾക്കല്പാല്പം " ആശയം വ്യക്തമാക്കുക

(8×1= 8 weightage)

**II. ആറു ചോദ്യത്തിന് രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

11. |" അഹോ! സ്വദേശാഭിനിവേശമൂർച്ഛയിൽ
പുലമ്പിനേൻ തെന്നലിനോടു മിന്നു ഞാൻ
വെടിഞ്ഞിടാമൂലമകന്നു പോകിലും
മനം വപുസ്സിൻ നിഴൽ പോലെ യന്തിയിൽ "- ഈ വരികളിൽ പറയുന്ന കവിയുടെ
ദേശസ്നേഹം ഈ കാവ്യത്തിലൂടെ എത്രമാത്രം നിങ്ങൾക്ക് അനുഭവിക്കാനാകുന്നുണ്ട്?
വിശദമാക്കുക

12. .മൂടില്ലാത്തൊരു മുണ്ടുകൊണ്ടു മുടിയും
മൂടീട്ടു വൻ കറ്റയും
ചൂടിക്കൊണ്ടരിവാൾ പുറത്തു തിരുകി പ്രാഞ്ചി -
ക്കിതച്ചങ്ങനെ
നാടൻ കച്ചയുടുത്തുമേനി മുഴുവൻ
ചേറും പുരണ്ടിപ്പൊഴി
പ്പാടത്തൂന്നു വരുന്ന നിൻ വരവു
കണ്ടേറെക്കൊതിക്കുന്നു ഞാൻ - കാലഘട്ടത്തിന്റെയും കാവ്യ പ്രസ്ഥാനത്തിന്റെയും
സവിശേഷതകളെ ഈ വരികൾ എത്രമാത്രംവിശദീകരിക്കുന്നുണ്ട്?

13. നവോത്ഥാന മൂല്യങ്ങളെ ഉയർത്തിപ്പിടിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി സഹോദരനയ്യപ്പന്റെ കൃതികളെ വായിച്ചെടുക്കാം. ധർമ്മം എന്ന കൃതിയെ മുൻനിർത്തി വിചിന്തനം ചെയ്യുക

14. "ഹാ ചേർന്നു നില്പോൻ മല കാണുകില്ല!"-ഇങ്ങനെ കവി പറയാൻ കാരണമെന്ത്?

15. ജീവിതത്തിന്റെ ക്ഷണികത ലോകമേയാത്ര എന്ന കവിതയിൽ കടന്നു വരുന്നതെങ്ങനെ

16. കേരളത്തിന്റെ ഋതുകാല ഭംഗികളും കേരളീയരുടെ സാംസ്കാരിക പൈതൃകത്തിന്റെ തിളക്കവും ഉൾച്ചേർന്നതാണ് പി. കുഞ്ഞിരാമൻ നായരുടെ കവിതകൾ - വിശകലനം ചെയ്ത് സ്വാഭിപ്രായം രേഖപ്പെടുത്തുക

17. പുരാവൃത്തത്തിന്റെ പുതിയഭാഷണമാണ് രാവണപുത്രി - സമർത്ഥിക്കുക (B)

18. ഒ എൻ വി യുടെ പരിസ്ഥിതിദർശനം വിശദീകരിക്കുക

(6×2= 12 weightage)

**III. രണ്ടു ചോദ്യത്തിന് അഞ്ചു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

19. കൊളോണിയൽ കാലഘട്ടത്തിൽ സാഹിത്യത്തിലുണ്ടായ രൂപ - ഭാവപരമായ മാറ്റം മലയാള കവിതാ സാഹിത്യത്തിൽ വരുത്തിയ മാറ്റം വിമർശന ദൃഷ്ട്യാ പരിശോധിക്കുക

20. പാശ്ചാത്യ സ്വാധീനം മലയാള സാഹിത്യത്തിൽ കർത്തൃത്വത്തിലും മൂല്യബോധത്തിലും വരുത്തിയ മാറ്റങ്ങൾ വിമർശനാത്മകമായി വിലയിരുത്തുക

21. ആശാൻ, ഉള്ളൂർ ,വള്ളത്തോൾ എന്നിവർ മലയാള കവിതാ സാഹിത്യത്തിന് നൽകിയ സംഭാവനകൾ വിവരിക്കുക

22. ഉള്ളൂർക്കവിതകളുടെ രൂപപരവുംപ്രമേയപരവുമായ സവിശേഷതകൾ 'ചിത്രശാല'യെ മുൻനിർത്തി ഉപന്യസിക്കുക

(2×5= 10 weightage)